# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 76**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്ത് പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ പ്രിയരെ,

തുർക്കിയിലും സിറിയയിലും അപ്രതീക്ഷിതമായി ഉണ്ടായ ഭൂകമ്പത്തിൽ ആയിരങ്ങളുടെ ജീവൻ നഷ്ടപ്പെടുകയും നിരവധി പേർ അപകടകരമായ അവസ്ഥ നേരിടുകയും പാർപ്പിടങ്ങളും വസ്തുവകകളും ഉൾപ്പെടെ വൻ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്ത അത്യന്തം ദു:ഖകരമായ വസ്തുത എല്ലാവർക്കും അറിവുള്ളതാണല്ലോ. അടുത്ത സമയത്തു് ഭാരതത്തിലെ ജോഷിമഠിലും പ്രയാസങ്ങൾ ഉണ്ടായല്ലോ.

ദുരിതബാധിത പ്രദേശങ്ങളിൽ വിവിധ രാജ്യങ്ങളുടെ സഹകരണത്തിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നു. നമ്മുടെ രാജ്യവും രക്ഷാ പ്രവർത്തനത്തിൽ പങ്കുചേരുന്നു എന്നത് അഭിനന്ദനീയമാണ്. അപകടത്തിലായവരെ രക്ഷിക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കും കൂടുതൽ ആളും അർത്ഥവും ഉണ്ടാകേണ്ടിയിരിക്കുന്നു. ആ രാജ്യങ്ങൾ നേരിടുന്ന അത്യന്തം ദാരുണമായ ഈ സാഹചര്യം നേരിടുന്നതിനായി അവരോട് പക്ഷം ചേരേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.

സർക്കാരുകളോട് ചേർന്ന് സഹായം എത്തിക്കുന്നതിന് എല്ലാവരും പങ്കാളിത്തം വഹിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സഭയും സാമ്പത്തിക സഹായം എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നു. ധാരാളമായ അനുഗ്രഹങ്ങളാലും വൻകൃപകളാലും വലിയവനായ ദൈവം നമ്മെ സുരക്ഷിതമായി കാത്തുപരിപാലിക്കുമ്പോൾ പ്രകൃതിക്ഷോഭം മൂലം സർവ്വസ്വവും നഷ്ടപ്പെട്ടവരെ ദൈവസ്നേഹത്താൽ പ്രേരിതരായി കർത്താവിന്റെ ആത്മാവിൽ സഹായിക്കേണ്ടത് നമ്മുടെ ക്രിസ്തീയ ധർമ്മമാകുന്നു. അതുകൊണ്ട് സഭാംഗങ്ങൾ ഓരോരുത്തരും തങ്ങളുടെ വരുമാനത്തിന്റെ ഒരംശം ഈ ആവശ്യത്തിലേക്ക് സംഭാവന ചെയ്ത് തങ്ങളുടെ ക്രിസ്തീയ സമർപ്പണം വെളിപ്പെടുത്തുന്ന അവസരമായി ഉപയോഗിക്കണമെന്ന് സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു.

എല്ലാ ഇടവകകളും ഫെബ്രുവരി 26–ാം തിയതി ഞായറാഴ്ച ഈ രാജ്യങ്ങളിലെ ജനങ്ങളെ ഓർത്തു പ്രാർത്ഥിക്കുകയും അന്നത്തെ സ്തോത്രകാഴ്ചയും പ്രത്യേക സംഭാവനയും ദുരിതാശ്വാസ ഫണ്ടിലൂടെ ഈ ആവശ്യത്തിനായി വിനിയോഗിക്കുന്നതിന് സഭാ ഓഫീസിലേക്ക് താമസം വിനാ അയയ്ക്കുകയും ചെയ്യണമെന്ന് അറിയിക്കുന്നു.

കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നും 2023 ഫെബ്രുവരി 11–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**